LIBRARY ARCHIVES Kerala Legislative Assembly

നേരേകടവ് -മാക്കേകടവ് പാലം പണി

175 (2275) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തുറവൂർ-തൈക്കാട്ടുശ്ശേരി-ഏറ്റുമാനൂർ-പമ്പ ശബരി പാതയിൽ നേരേക്കടവ്-മാക്കേകടവ് പാലം പണിയുമായി ബന്ധപ്പെട്ട് ഏതെല്ലാം എം.എൽ.എ. മാരാണ് ഫണ്ട് വിഹിതം തന്നിട്ടുള്ളത് ;

(ബി) ഓരോരുത്തരുടെ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക എത്ര വീതമാണ് ; എന്തിനുവേണ്ടിയാണ് ചെലവഴിച്ചത് ;

(സി) ഈ പാലത്തിന്റെ പണി ഇപ്പോൾ ഏതവസ്ഥയിലാണ് ;

(ഡി) എന്നേക്ക് പണി പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുറവൂർ-തൈക്കാട്ടുശ്ശേരിയുടെയും നേരേക്കടവ് മാക്കേകടവ് പാലങ്ങളുടേയും ഇൻവെസ്റ്റിഗേഷൻ പണികൾക്കുവേണ്ടി ചേർത്തല, അരൂർ വൈക്കം മണ്ഡലങ്ങളിലെ എം.എൽ.എ. മാരാണ് ഫണ്ട് വിഹിതം തന്നിട്ടുള്ളത്.

(ബി) ഇതിൽ നേരേകടവ്-മാക്കേകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷനു വേണ്ടി 21,89,755 രൂപ ചെലവഴിച്ചു. ഓരോരുത്തരുടേയും വിഹിതം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഡ്രിക്ബോർഡിനെ ഏൽപ്പിച്ചിരിക്കുകയാണ്.

(ഡി) ഭരണാനുമതി നൽകുകയും ആവശ്യമായ ഭൂമി ഏറ്റെടുക്കുകയും ചെയ്തു കഴിഞ്ഞാൽ ഈ പണി ടെണ്ടർ ചെയ്യാൻ സാധിക്കും. എന്നത്തേക്ക് പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ നിർവ്വാഹമില്ല.

തണ്ണീർപാലം നിർമ്മാണം

176 (2276) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തൃശ്ശൂർ-പാലക്കാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തണ്ണീർ പാലത്തിന് കഴിഞ്ഞ ബഡ്ജറ്റുകളിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തണ്ണീർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ വകുപ്പുതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;